**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 454**
**03.03.2020-ന് മറുപടി നൽകേണ്ടത്**

## കെ.എഫ്.സി.യെ കാര്യക്ഷമമാക്കൽ

| | ചോദ്യം | മറുപടി |
|---|---|---|
| 454 | **ശ്രീ. സി.കെ.ഹരീന്ദ്രൻ, ശ്രീ.എം. നൗഷാദ്, ശ്രീ.കെ.ഡി.പ്രസേനൻ, ശ്രീ.പി.ടി.എ.റഹീം** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കെ.എഫ്.സിയുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനസംഘടിപ്പിച്ചു.<br>2. കെ.എഫ്.സിയുടെ വായ്പാനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.<br>3. കെ.എഫ്.സി. വായ്പകളുടെ അടിസ്ഥാന പലിശനിരക്ക് 14.5% ആയിരുന്നത് 9% ആയി കുറച്ചു.<br>4. സ്റ്റാർട്ടപ്പ്കാർക്കായി പ്രത്യേകം വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു.<br>5. നവകേരള നിർമ്മിതിയുടെ ഭാഗമായി സർക്കാർ കരാറുകാർക്ക് വിവിധ വായ്പാ പദ്ധതികൾക്ക് രൂപം നൽകി.<br>6. സർക്കാർ ബിൽഡിസ്കൗണ്ടിംഗ് സ്കീമിൽ കെ.എഫ്.സിയെ ഉൾപ്പെടുത്തി. |

| | | |
|---|---|---|
| ബി | ഇതിന്റെ ഭാഗമായി കെ.എഫ്.സി.യുടെ ഓഹരി മൂലധനം ഉയർത്തുന്നതിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ; | 2020-21 വർഷത്തെ സംസ്ഥാനബഡ്ജറ്റിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി | ഒറ്റത്തവണ തീർപ്പാക്കലിലൂടെയും ഊർജ്ജിത കുടിശ്ശിക പിരിവിലൂടെയും കെ.എഫ്.സി. യുടെ നിർജ്ജീവ ആസ്തികൾ എത്ര ശതമാനമായി കുറഞ്ഞിട്ടുണ്ട്; | 31.3.2016-ൽ 10.5% ആയിരുന്ന നിഷ്ക്രിയ ആസ്തി, ഒറ്റത്തവണ തീർപ്പാക്കലിലൂടെയും ഊർജ്ജിത കുടിശ്ശികപിരിവിലൂടെയും 31.03.2019 ഓടെ 5.77% ആയി കുറഞ്ഞു. |
| ഡി | കെ.എഫ്.സി.യുടെ വായ്പാ പദ്ധതികൾ കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉണ്ട്. സർക്കാരന്റെ ബിൽഡിസ്കൗണ്ടിംഗ് ഏജൻസിയായി കെ.എഫ്.സി പ്രവർത്തിക്കുന്നു. കൂടാതെ സ്റ്റാർട്ടപ്പ്കൾക്ക് പ്രത്യേക വായ്പാപദ്ധതികളും കെ.എഫ്.സി വഴി നടപ്പിലാക്കും. |

**സെക്ഷൻ ഓഫീസർ**